**<u>ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

ഹാജർ: ശാലിനി ഗോപിനാഥ്

ക്ഷീര വികസന വകുപ്പ്- ജീവനക്കാര്യം - ശ്രീമതി. ജമുന ടി എസ്, ക്ഷീര വികസന ഓഫീസർ - രാജി അപേക്ഷ സമർപ്പിച്ചത് - രാജി സ്വീകരിച്ച് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/2370/2022-ES1 തിരുവനന്തപുരം,തീയതി:31-10-2024

---

പരാമർശം:- 1. ഈ ഓഫീസിലെ 29.06.2017 ലെ ഇ എസ്1/10336/2017 നം. ഉത്തരവ്.

2. ശ്രീമതി. ജമുന ടി എസ് - ന്റെ 08.07.2022 ലെ അപേക്ഷ.

3. ഈ ഓഫീസിലെ 13.10.2022 ലെ ഇതേ നം. ഉത്തരവ്.

4. ശ്രീമതി. ജമുന ടി എസ് - ന്റെ 24.10.2022 ലെ അപേക്ഷ.

5.കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാളിന്റെ 18.09.2024 ലെ ബാദ്ധ്യതാ രഹിത സാക്ഷ്യപത്രം.

6. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളയുടെ 19.09.2023 ലെ GE 16/E/Dairy/J -40/417 നം കത്ത്.

**<u>ഉത്തരവ്</u>**

ക്ഷീര വികസന വകുപ്പിൽ ക്ഷീര വികസന ഓഫീസർ ആയ ശ്രീമതി. ജമുന ടി എസ് - ന് 20.10.2017 മുതൽ 19.10.2022 വരെ ശൂന്യ വേതനാവധി അനുവദിച്ച് മേൽ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അവധി അവസാനിച്ചതിനെ തുടർന്ന് വകുപ്പിൽ തിരികെ പ്രവേശിക്കുന്നതിനായി പരാമർശം (2) പ്രകാരം ശ്രീമതി. ജമുന ടി എസ് അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് പരാമർശം (3) പ്രകാരം ടിയാനെ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ക്ഷീര വികസന യൂണിറ്റിൽ നിയമിച്ചുകൊണ്ടും 20.10.2022 മുതൽ വകുപ്പിൽ പുനഃപ്രവേശിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവായിരുന്നു. എന്നാൽ ടിയാൻ വകുപ്പിൽ തിരികെ പ്രവേശിക്കുന്നില്ലായെന്നും കത്ത് രാജി അപേക്ഷയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് പരാമർശം (4) പ്രകാരം കത്ത് നൽകിയിരുന്നു.

ശ്രീമതി. ജമുനാ ടി എസ് - ന് വകുപ്പുമായോ സർക്കാരുമായോ ബന്ധപ്പെട്ട് ബാധ്യതകൾ ഒന്നും ഇല്ല എന്ന് പരാമർശം (5) പ്രകാരം കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാളും

പരാമർശം (6) പ്രകാരം അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) യും കത്ത് നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി. ജമുന എസ്, ക്ഷീര വികസന ഓഫീസർ പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുള്ള രാജിക്കത്ത്, കേരള സർവീസ് റൂൾസ് ഭാഗം I ചട്ടം 23 സർക്കാർ തീരുമാനം (1) ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, **24.10.2022 പൂർവാഹ്നം** പ്രാബല്യത്തിൽ സ്വീകരിച്ചതായി അംഗീകരിച്ചുകൊണ്ടും, ടി തസ്തികയുമായി ബന്ധപ്പെട്ടിട്ടുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും ഭാവിയിൽ യാതൊരുവിധ അവകാശവും ഉന്നയിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് അറിയിച്ചുകൊണ്ടും, കെ എസ് ആന്റ് എസ് എസ് ആർ ഭാഗം II ചട്ടം 10 b (iii) ന്റെ അടിസ്ഥാനത്തിൽ ടിയാന് സംസ്ഥാന സർക്കാർ സർവീസിൽ മറ്റ് ജോലികൾ സ്വീകരിക്കുന്നതിന് അർഹതയില്ലാത്തതിനാൽ രാജി അനുവദിക്കുന്ന അധികാരിയുടെ സമ്മതം കൂടാതെ സർക്കാർ വകുപ്പുകളിൽ മറ്റ് ജോലികൾ അനുവദിക്കാൻ പാടില്ല എന്ന നിബന്ധന ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

Signed by
Salini Gopinath
Date: 31-10-2024 22:45:36

ശ്രീമതി. ജമുന ടി എസ്,

ക്ഷീര വികസന ഓഫീസർ

(മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:- 1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

2) ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3) പ്രിൻസിപ്പാൾ, ക്ഷീര പരിശീലന കേന്ദ്രം, കോഴിക്കോട്

4) ഡയറി ഫാം ഇൻസ്ട്രക്ടർ, ഐ ടി സെൽ

5) ഡയറക്ടറുടെ സി എ

6) ബി3, ഇ എസ്2 സീറ്റുകൾ.